**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

27.03.18 - ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 5524

## ജീവ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ നടപ്പാക്കുന്ന ജീവ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിലൂടെ ഓരോ സീസണിലും കൃഷിചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | സംഘകൃഷി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനായും സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള ടീമാണ് ജെഎൽജി ഇവാല്യൂവേഷൻ ഏജന്റ് അഥവ ജീവ. കേരളത്തിലെ എല്ലാ ബ്ലോക്കുകളിൽ നിന്നും 4 മാസ്റ്റർ കർഷകരെ വീതം തെരഞ്ഞെടുക്കുകയും ഇവർ ജില്ലാതലത്തിൽ ഗ്രൂപ്പായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. ജീവ ടീം പ്രധാനമായും സംഘകൃഷി സംഘങ്ങളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. ജീവ ടീം അംഗങ്ങൾ കൃത്യമായി പരിശീലനം നേടിയ മാസ്റ്റർ കർഷക പരിശീലകർ കൂടിയാണ് എന്നതിനാൽ സന്ദർശന വേളകളിൽ ഗ്രൂപ്പ് അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും. |
| (ബി) | ജീവനോപാധി വികസനത്തിലൂടെ നഗരദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) | ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം). നഗരങ്ങളിൽ നടപ്പിലാക്കുന്ന എൻയുഎൽഎം പദ്ധതിയുടെ നൈപുണ്യ വികസനവും തൊഴിലുറപ്പാക്കലും, സ്വയംതൊഴിൽ എന്നീ ഘടക പദ്ധതികളിലൂടെയാണ് ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നത്. |
| (സി) | ഇതിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ; | (സി) | 4548 വ്യക്തികൾ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും 1922 പേർക്ക് 8,000 മുതൽ 15,000 രൂപവരെ വേതനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഇവർക്ക് സ്ഥായിയായ വരുമാനവും ജീവിത നിലവാരത്തിൽ ഉയർച്ചയും ഉണ്ടായിട്ടുണ്ട്. 510 വ്യക്തിഗത സ്വയംതൊഴിൽ സംരംഭവും, 43 സംഘതൊഴിൽ സംരംഭവും ആരംഭിച്ചതുവഴി 725 വ്യക്തികൾക്ക് ജീവനോപാധി ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | കുടുംബശ്രീയുടെ കാർഷിക പദ്ധതിയുടെ ഭാഗമായുള്ള ജെ.എൽ.ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ)കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജെഎൽജി ഇവാല്യൂവേഷൻ ഏജന്റ് അഥവ ജീവാ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം സംഘകൃഷി ഗ്രൂപ്പുകളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ